"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - നഗരസഭാ സെക്രട്ടറിയെ സ്ഥലംമാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1882/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/09/2021

---

പരാമർശം:-

1. 16.09.2021 തീയതിയിലെ സ.ഉ (സാ ധാ) നം. 1772/2021/തസ്വഭവ നമ്പർ ഉത്തരവ്
2. തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിംഗ് അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ.ലതേഷ് കുമാർ വി.വി ഫയൽ ചെയ്ത OA(EKM) 1488/21 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17/09/2021 തീയതിയിലെ വിധിന്യായം
3. 24.09.2021 തീയതിയിലെ സ.ഉ (സാധാ) നം. 1845/2021/തസ്വഭവ നമ്പർ ഉത്തരവ്
4. തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി, ശ്രീ.കൃഷ്ണകുമാർ എൻ.കെ ഫയൽ ചെയ്ത OA(EKM) 1539/21 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27/09/2021 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

പരാമർശം (1) പ്രകാരം ചങ്ങനാശ്ശേരിയിലേക്ക് സ്ഥലംമാറ്റി നിയമിച്ച ശ്രീ.ലതേഷ് കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവ് സ്റ്റേ ചെയ്തതിനാൽ തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിൽ തന്നെ തുടരുന്നതിനാൽ തൃക്കാക്കര നഗരസഭയിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച ശ്രീ.എൻ.കെ.കൃഷ്ണകുമാറിന് തൃക്കാക്കര നഗരസഭയിൽ തന്നെ തുടരേണ്ടതായി വന്നു. പരാമർശം (3) ഉത്തരവ് പ്രകാരം ടി ഉത്തരവിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് പുനലൂർ നഗരസഭയിൽ നിന്നും കായംകുളം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച ശ്രീ . അനിൽകുമാർ. ബി. യെ തൃക്കാക്കര നഗരസഭയിലേയ്ക്ക് മാറ്റി നിയമിച്ചിരുന്നു. എന്നാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് പ്രകാരം പരാമർശം (3) ഉത്തരവ് സ്റ്റേ ചെയ്തതിനാൽ തൃക്കാക്കര നഗരസഭാ സെക്രട്ടറിയായ ശ്രീ.എൻ.കെ.കൃഷ്ണകുമാർ തൃക്കാക്കര നഗരസഭയിൽ തുടരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം സ്ഥലംമാറ്റി തൃക്കാക്കര നഗരസഭയിൽ നിയമിച്ച ശ്രീ . അനിൽകുമാർ. ബി. യെ ചങ്ങനാശ്ശേരി നഗരസഭാ

സെക്രട്ടറിയായി മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ബന്ധപ്പെട്ട നഗരസഭകളിലെ ചെയർമാൻ/ ചെയർപേഴ്സൺ (നഗരകാര്യ ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ